## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 179** **30.11.2015 ന് മറുപടിയ്ക്ക്**

## കൊട്ടാരക്കരയിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി :** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) കൊട്ടാരക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത് എന്നായിരുന്നു എന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ ; | (എ) കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് 2009-2010 വർഷം 209 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| (ബി) പ്രസ്തുത നിർമ്മാണം നടക്കാതിരുന്നതിന്റെ കാരണങ്ങൾ എന്താണെന്ന വ്യക്തമാക്കുമോ ; | (ബി) കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ പേരിൽ ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തുകയും ആയതിനെ തുടർന്ന് കരാറുകാരൻ നിർമ്മാണ പ്രവർത്തിക്കുള്ള കരാർ റദ്ദാക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് പൊതു മരാമത്ത് വകുപ്പ് അധികാരികൾ ടി നിർമ്മാണ കരാർ റദ്ദ് ചെയ്യുകയും തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പുതിയ കരാർ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. അതോടൊപ്പം ടി നിർമ്മാണ പ്രവർത്തനത്തിനെതിരെ കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) 36002/10 ആയി കേരള ക്ഷേത്ര സംരക്ഷണ സമിതിയും മറ്റ് നാല് പേരും ചേർന്ന് കേസ് ഫയൽ ചെയ്തിരുന്നതും കൊട്ടാരക്കര സബ് കോടതിയിൽ ഒ.എസ്.128/11 ആയി കേരള ക്ഷേത്ര സംരക്ഷണ സമിതിയും മറ്റ് നാല് പേരും ചേർന്ന് ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി രണ്ട് കേസുകളിലും വകുപ്പിനനുകൂലമായി വിധിയായിട്ടുള്ളതാണ്. |
| (സി) പ്രസ്തുത നിർമ്മാണം നടക്കേണ്ട സ്ഥലം സംബന്ധിച്ച് നിലവിൽ സിവിൽ/ ക്രിമിനൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ആയവയുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ? | (സി) പ്രസ്തുത നിർമ്മാണം നടക്കേണ്ട സ്ഥലം സംബന്ധിച്ച് കൊല്ലം വക്കഫ് കോടതിയിൽ OP 122/15 -ൽ I A 133/15 ആയി കൊട്ടാരക്കര ശ്രീ. മഹാഗണപതി ക്ഷേത്രത്തിനുവേണ്ടി ശ്രീമതി. ബിന്ദുവും മറ്റ് 2 പേരും ചേർന്ന് സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിനാവശ്യമായ കാര്യവിവരണ പട്ടിക കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ തുടർ നടപടികൾ നടന്നുവരുകയാണ്. |

Shaine. V

**സെക്ഷൻ ഓഫീസർ**